**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 730** **14-01-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി പുനരധിവാസ നിധിയിൽനിന്ന് വനം വകുപ്പിന് വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ആദിവാസി പുനരധിവാസ നിധിയിൽ സർക്കാർ അനുവദിച്ച അമ്പത് കോടി രൂപയിൽ നിന്നും 7.40 കോടി രൂപ 2015 ൽ വനം വകുപ്പിന് വായ്പയായി വയനാട് വന്യജീവി ചീഫ് വാർഡന്റെ അക്കൗണ്ടിലേക്ക് കൈമാറിയിരുന്നോ; | (എ) | നൽകിയിരുന്നു. |
| (ബി) | എങ്കിൽ ഏത് പദ്ധതി നടപ്പിലാക്കുന്നതിനാണ് ഈ തുക കൈമാറിയത്; ഈ തുക വനം വകുപ്പ് പട്ടികവർഗ്ഗ വകുപ്പിന് തിരികെ നൽകിയിട്ടുണ്ടോ; | (ബി) | വയനാട് ജില്ലയിലെ വന്യമൃഗ സങ്കേതങ്ങളോട് ചേർന്ന് താമസിക്കുന്ന ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 14.07.2015-ലെ സ.ഉ(സാധാ) 1144/15/പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരം 7.4 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും വനം വകുപ്പിന് ലഭിക്കുന്ന മുറയ്ക്ക് തിരികെ ടി.ആർ.ഡി.എം.ന് നൽകണം എന്ന നിബന്ധനയിൽ വനം വകുപ്പിന് വായ്പയായി അനുവദിച്ചിരുന്നു. ഈ തുക വനം വകുപ്പ് ഇതുവരെ പട്ടികവർഗ്ഗ വകുപ്പിന് തിരികെ നൽകിയിട്ടില്ല. |
| (സി) | ഇക്കാര്യത്തിൽ സി. & എ.ജി.യുടെ ഓഡിറ്റ് പരാമർശം ഉണ്ടായിട്ടുണ്ടോ; | (സി) | വനം വകുപ്പിന് ഫണ്ട് അനുവദിച്ചത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പരിശോധനയിൽ പരാമർശം ഉണ്ട്. |
| (ഡി) | പ്രസ്തുത പരാമർശത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ഡി) | വനം വകുപ്പിന് അനുവദിച്ച തുക പട്ടികവർഗ്ഗ വികസന വകുപ്പിന് തിരികെ നൽകുന്നതിന് വനം വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ